**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **20-06-2024 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകൾക്ക് കീഴിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് കീഴിൽ നിലവിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | കേരള സർവകലാശാലയുടെ കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ സർവകലാശാല തിട്ടപ്പെടുത്തി വരുന്നു.<br><br>മഹാത്മാഗാന്ധി സർവകലാശാലയിലെ നിലവിലെ ഓഫീസ് അറ്റൻഡന്റ് (ലോവർ ഗ്രേഡ്) തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും (60) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാലയിൽ നിലവിൽ ഒഴിവുകളുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ചുവടെപ്പറയുന്നവയാണ് :<br><br>1. ബസ് ക്ലീനർ (2 ഒഴിവ്)<br>2. ഗേറ്റ് കീപ്പർ (1 ഒഴിവ്)<br>3. ഫിൽറ്റർ പ്ലാന്റ് ക്ലീനർ (3 ഒഴിവ്)<br>4. ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ (24 ഒഴിവ്)<br>5. സ്പെസിമൻ കളക്ടർ (1 ഒഴിവ്)<br>6. അനിമൽ റൂം അസിസ്റ്റന്റ് (1 ഒഴിവ്)<br>7. ഫീൽഡ് കം അനിമൽ റൂം അറ്റൻഡർ (1 ഒഴിവ്)<br><br>കണ്ണൂർ സർവകലാശാലയിൽ ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ വിഭാഗത്തിൽ 23 ഒഴിവുകൾ നിലവിലുണ്ട്.<br><br>കുസാറ്റിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ചുവടെ ചേർക്കുന്നു :<br><br>1. സ്വീപ്പർ കം ക്ലീനർ – 43<br>2. ഓഫീസ് അറ്റൻഡന്റ് - 3<br>3. ലാസ്കർ – 1<br>4. ബോട്ട്മാൻ – 1<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 15 ഒഴിവുകളുണ്ട്. |

| | | | |
|---|---|---|---|
| | | | നുവാൽസിൽ സർവകലാശാലകൾക്ക് കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ എന്ന പേരിൽ തസ്തികകൾ പുനർനാമകരണം ചെയ്തിട്ടില്ല.<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് അനുവദിക്കപ്പെട്ടിട്ടില്ല.<br><br>എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സർവകലാശാല ആസ്ഥാനത്ത് 8 ഉം സർവകലാശാല ക്യാമ്പസ്സിൽ 5 ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 01.01.2006 തീയതിയിലെ GO(Ms)No.1/2006/Hedn നമ്പർ ഉത്തരവ് പ്രകാരം, പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം ഔട്ട് സോഴ്സിംഗ് മുഖേനയാണ് നടത്തുന്നത്. |
| (ബി) | നിലവിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സർവകലാശാലയുടെ കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചു വരുന്നു.<br><br>എം.ജി. സർവകലാശാലയിലെ നിലവിലെ ഓഫീസ് അറ്റൻഡന്റ് (ലോവർ ഗ്രേഡ്) തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും (60) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാലയിൽ നിലവിലെ ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയിലെ 20 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ ബാക്കിയുള്ള 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സർവകലാശാല സ്വീകരിച്ചുവരുന്നു.<br><br>കണ്ണൂർ സർവകലാശലായിലെ ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ വിഭാഗത്തിലെ 22 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കു പ്രൊമോഷൻ അനുവദിച്ചതിനെ തുടർന്ന് 04.05.2024 ഉച്ചയ്ക്ക് മുൻപ് പ്രാബല്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ വന്ന ഒരു ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ച് വരുന്നു.<br><br>കുസാറ്റിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ, അവയിലേക്ക് നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യതകൾ, നിയമനരീതി, ശമ്പള സ്കെയിൽ എന്നിവയും ആയവ നിശ്ചയിച്ച കൊണ്ട് 06.11.2020 |

| | | | |
|---|---|---|---|
| | | | ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.37/2020/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവും തമ്മിൽ അന്തരം നിലനിൽക്കുന്നതിനാൽ ആയവ ടി സർക്കാർ ഉത്തരവിലേതു പോലെ ക്രമീകരിക്കുന്നതിനും, ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കുമായി വിഷയം സർവ്വകലാശാല ഭരണസമിതിയായ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 13 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നടത്തുന്നതിനു മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ എണ്ണം പുനഃനിശ്ചയിച്ചിട്ടുള്ളതിനാൽ മുമ്പ് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി. -യിൽ നിന്നും അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ബാക്കിയുള്ള ഒരൊഴിവ് റിപ്പോർട്ട് ചെയ്യുന്നതാണ്.<br><br>നുവാൽസിൽ ഒഴിവുള്ള സ്വീപ്പർ കം ക്ലീനർ തസ്തികയുടെ ഒരു ഒഴിവ് നേരത്തെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലാസ്റ്റ് ഗ്രേഡ് എന്ന നാമധേയത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സർവകലാശാല ആസ്ഥാനത്ത് 8 ഉം സർവകലാശാല ക്യാമ്പസ്സിൽ 5 ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 01.01.2006 തീയതിയിലെ GO(Ms)No.1/2006/Hedn നമ്പർ ഉത്തരവ് പ്രകാരം, പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം ഔട്ട് സോഴ്സിംഗ് മുഖേനയാണ് നടത്തുന്നത്. |
| (സി) | കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുമോ? | (സി) | സർവകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലെയും നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുവാൻ സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ